പതിനാലാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1231 — 04/02/2019 മറുപടിയ്ക്ക്

## നഷ്ടമായ അദ്ധ്യയന ദിനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഈ അദ്ധ്യയന വർഷം വിദ്യാർത്ഥികൾക്ക് ഇരുന്നൂറ് അദ്ധ്യയന ദിനങ്ങൾ ഉറപ്പാക്കുമെന്ന് സർക്കാർ പ്രഖ്യാപിക്കുകയുണ്ടായോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ സർക്കാർ പ്രതീക്ഷിച്ച പ്രവൃത്തി ദിനങ്ങൾ എത്രയെന്നും ലഭിച്ച അദ്ധ്യയന ദിനങ്ങൾ എത്രയെന്നും വ്യക്തമാക്കുമോ; | (ബി) ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ സർക്കാർ പ്രതീക്ഷിച്ച പ്രവർത്തി ദിനങ്ങൾ137 ആണ്.ഈ കാലയളവിൽ ഏതാനും സാദ്ധ്യായ ദിനങ്ങൾ അവധി ദിനങ്ങളായി പ്രഖ്യാപിച്ചിരുന്നുവെങ്കിലും സംസ്ഥാന വ്യാപകമായി ശരാശരി 7 അവധി ദിനങ്ങൾ ഉണ്ടായിട്ടുണ്ട്. അവധി ദിവസങ്ങളായി പ്രഖ്യാപിച്ച സാദ്ധ്യായ ദിവസങ്ങളെ സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | നഷ്ടപ്പെട്ട ദിനങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 8 |
| കൊല്ലം | 5 |
| ആലപ്പുഴ | 21 |
| പത്തനംതിട്ട | 9 |
| കോട്ടയം | 11 |
| എറണാകുളം | 3 |
| തൃശ്ശൂർ | 3 |
| ഇടുക്കി | 8 |
| മലപ്പുറം | 10 |
| പാലക്കാട് | 8 |
| കോഴിക്കോട് | 6 |
| വയനാട് | 2 |
| കണ്ണൂർ | 6 |
| കാസറഗോഡ് | 3 |

ജില്ലാടിസ്ഥാനത്തിൽ പ്രാദേശികമായി മുകളിൽ പറഞ്ഞിട്ടുള്ളതിൽ വ്യത്യാസം ഉണ്ടായിട്ടുണ്ട്.

ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ അക്കാദമിക് കലണ്ടർ 2018-19 പ്രകാരം ജൂൺ മാസം മുതൽ ഡിസംബർ മാസം

| | | | |
|---|---|---|---|
| | | | വരെ 137 അദ്ധ്യയന ദിനങ്ങളാണ് സാദ്ധ്യായദിനങ്ങളായിട്ടുള്ളത്. |
| (സി) | ഈ കാലയളവിൽ അഞ്ചു ജില്ലകളിൽ നടന്ന ഹർത്താലുകളും ഒട്ടേറെ പ്രാദേശിക ഹർത്താലുകളും സ്കൂളുകളെ നിശ്ചലമാക്കിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ നികത്താൻ വരും മാസങ്ങളിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ? | (ഡി) | പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിൽ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ നികത്താൻ വരും മാസങ്ങളിൽ നിലവിലെ സാദ്ധ്യായ ദിനങ്ങൾക്ക് പുറമെ ഏതാനും ദിനങ്ങൾ കൂടി പ്രവർത്തി ദിനങ്ങളാക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ